# കൊട്ടാര കമാനങ്ങളിൽ തടഞ്ഞ്....



**നിങ്ങളിപ്പോൾ തർക്ക ഭൂമിയിലാണ്**
മുകളിൽ കാണുന്നില്ലേ
ഫലസ്തീനിലെ തർക്കമറ്റ വാനപ്പരപ്പ്?
ആ ഗഗന ഗാംഭീര്യത്തിലൂടെയാണ്
പ്രവാചകനുയർന്നു പറന്നത്.
ആകാശ ഭൂമിക്കിടയിൽ ഒരു കാണാപ്പാലം
അനുഗ്രഹം, അംഗീകാരം, ദൈവസൂക്തങ്ങൾ
ഒക്കെയും നീന്തിത്തുടിച്ചതതിലൂടെയാണ്.

അതേ വഴിയിലൂടെയാണ്
ഒരു ദർശനദൗത്യം പിന്നീട് തുടർന്നത്
ഇപ്പോൾ വഴിയിൽ
നിസംഗത കനക്കുന്നു
സംഹാര കൊടുങ്കാറ്റ്; ആകാശത്താഞ്ഞു
വീശൽ.

പ്രാർഥനകൾ ആകാശ യാത്രയിലാണ്
ഉയിരില്ലാതെ...
ഉയരാതെ...
ഇന്ധനം വറ്റി വരണ്ട്
കർമങ്ങൾ ചത്ത് മലന്ന്.

നെഞ്ചിലെ സപ്തവാനങ്ങൾ തകർത്ത്
രോഷവും രോദനവും കുതിച്ചുയരുന്നുണ്ട്
ദൈവസഹായം ഇറങ്ങി വരുന്നുമുണ്ട്... പക്ഷേ..

വലിയ കൊട്ടാര കമാനങ്ങളിൽ തടഞ്ഞ്
നിറഞ്ഞ കാവക്കോപ്പയിൽ മുങ്ങിച്ചത്ത്
മടി മിടിക്കും കൂർക്കംവലിയിൽ പതിഞ്ഞിരുന്ന്
നസ്റുല്ല* ആരെയോ കാത്തിരിക്കുന്നു.
കറ പുരളാത്ത ഒരു വിരൽ തുമ്പിനായി
കാത്ത്..... കാത്തിരിക്കുന്നു.

**ഫൈസൽ അബൂബക്കർ**

* നസ്റുല്ല = ദൈവ സഹായം

# യാത്ര



**ഒന്നിച്ചാണൊരുങ്ങി**
പുറപ്പെട്ടത്.
ഒരുമിച്ചൊരേ വണ്ടി-
യിലൊരേ
ദിക്കിലേക്കാണു
യാത്ര.
ഇണങ്ങിയും
പിണങ്ങിയും
പരിചിതങ്ങളിൽ നിന്ന-
പരിചിതങ്ങളിലേക്ക്
ഓടിയോടി
അകലങ്ങളടുപ്പിക്കവേ,
ഒന്നിച്ചൊരേ സ്റ്റോപ്പി-
ലിറങ്ങണമെന്നുണ്ട്
മനസ്സും
വപുസ്സും
-പുറപ്പെട്ടതുപോലെ!

**മുഹമ്മദ് കുട്ടി ഇരിമ്പിളിയം**